## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി.കുമാർ,ഐ.എ.എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1) GO(P) No.629/2010/Fin Dated:25/11/2010
2) GO(P) No.7/2020/SJD Dated:26/06/2020
3) GO(P) No.27/2021/Fin Dated:10/02/2021
4) വനിതാ ശിശുവികസന ഡയറക്ടറുടെ 21/02/2024 ലെ DWCD/5665/2023-E8 നമ്പർ ഉത്തരവ്
5) വനിതാ ശിശുവികസന ഡയറക്ടറുടെ 28/05/2024 ലെ ഇതേ നമ്പർ ഉത്തരവ്

### ഉത്തരവ് നം. DWCD/1775/2024-E7 തീയതി: 16-07-2025

വനിതാ ശിശുവികസന വകുപ്പിൽ ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് പരാമർശം (3) പ്രകാരമുള്ള ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 1:1:1 എന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്.കൂടാതെ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിലെ എണ്ണത്തിന്റെ 10% തസ്തികകൾ സെലക്ഷൻ ഗ്രേഡ് ഡ്രൈവർ തസ്തികയായി കണക്കാക്കി റേഷ്യോ പ്രൊമോഷൻ നൽകുന്നതിനും വ്യവസ്ഥയുണ്ട്.

സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ ശിശുവികസന വകുപ്പ് രൂപീകൃതമായതിനെ തുടർന്ന് വനിതാ ശിശുവികസന വകുപ്പിലെ ഡ്രൈവർ തസ്തികയിലെ കേഡർ സ്ട്രങ്ത് 65 ആയി പരാമർശം(2) പ്രകാരം നിജപ്പെടുത്തിയിരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് കീഴ്ക്കാര്യാലയങ്ങളിൽ അനുവദിച്ചിട്ടുള്ള ഡ്രൈവർ തസ്തികകൾ ഒഴിവ് വരുന്ന മുറയ്ക്ക് നികത്തേണ്ടതില്ലെന്നും ടി തസ്തികകൾ നിർത്തലാക്കിയതായി കണക്കാക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ (02/04/2003 തീയതിയിലെ F.No.I-3/2002-cd I(VoL.II) നം കത്ത് പ്രകാരം) പരാമർശം (5) പ്രകാരം റേഷ്യോ പ്രൊമോഷൻ ലഭിച്ച ജീവനക്കാരിൽ സർവ്വീസിൽ നിന്ന് വിരമിച്ചവരെ ഒഴിവാക്കി 01/06/2025 പ്രാബല്യത്തിൽ വകുപ്പിലെ ഡ്രൈവർ തസ്തികയിലെ കേഡർ സ്ട്രങ്ത് 46 ആയി നിജപ്പെടുത്തി വകുപ്പിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്.

വകുപ്പിലെ 46 ഡ്രൈവർ തസ്തികകളെ മൂന്ന് വിഭാഗമായി (ഡ്രൈവർ ഗ്രേഡ് II,ഡ്രൈവർ ഗ്രേഡ് I ) 1 : 1 :1 എന്ന അനുപാതത്തിൽ ക്രമീകരിക്കുമ്പോൾ ഡ്രൈവർ ഗ്രേഡ് II, 16 തസ്തികകളായും ഡ്രൈവർ ഗ്രേഡ് I, 15 തസ്തികകളായും ഡ്രൈവർ സീനിയർ ഗ്രേഡ് 15 തസ്തികകളായും അതോടൊപ്പം സീനിയർ ഗ്രേഡ് തസ്തികയുടെ 10% ആയ 1 തസ്തിക സെലക്ഷൻ ഗ്രേഡ് ആയും ക്രമീകരിച്ച് പരാമർശം (4) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ റേഷ്യോ പ്രൊമോഷന് അർഹതയുണ്ട്.ഇപ്രകാരം റേഷ്യോ ക്രമീകരിക്കുമ്പോൾ ഡ്രൈവർ സെലക്ഷൻ ഗ്രേഡ് ,ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികളിലേയ്ക്ക് മാത്രമാണ് റേഷ്യോ പ്രൊമോഷന് ഒഴിവ് നിലവിലുള്ളത്.

മേൽ സാഹചര്യത്തിൽ പരാമർശം (4) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും ഓരോ വിഭാഗത്തിലേയ്ക്കും റേഷ്യോ പ്രൊമോഷന് അർഹതയുള്ളതുമായ ജീവനക്കാർക്ക് സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ അവരുടെ പേരിന് നേരെ

രേഖപ്പെടുത്തിയിട്ടുള്ള തീയതി പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഡ്രൈവർ സെലക്ഷൻ ഗ്രേഡ്(39300-83000)</u>**

| ക്രമ നം | സീനിയോ രിറ്റി നം | സീനിയോരിറ്റി ലിസ്റ്റ് ഉത്തരവ് നമ്പറും തീയതിയും | ജീവനക്കാരന്റെ പേര്,കാര്യാലയം | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 2 | DWCD/5665/2023-E8 തീയതി:21/02/2024 | ശ്രീ.മുഹമ്മദ് എൻ.വി ഐ.സി.ഡി.എസ് തിരുരങ്ങാടി | 01/06/2025 |

**<u>ഡ്രൈവർ സീനിയർ ഗ്രേഡ്( 31100-66800 )</u>**

| ക്രമ നം | സീനിയോ രിറ്റി നം. | സീനിയോരിറ്റി ലിസ്റ്റ് ഉത്തരവ് നമ്പറും തീയതിയും | ജീവനക്കാരന്റെ പേര്,കാര്യാലയം | പ്രാബല്യ തീയതി |
|---|---|---|---|---|
| 1 | 17 | DWCD/5665/2023-E8 തീയതി:21/02/2024 | ശ്രീ അബ്ദുറഹ്മാൻ എ.വൈ ജില്ലാതല ഐ.സി.ഡി.എസ് സെൽ, പാലക്കാട് | 01/03/2024 |

റേഷ്യോ പ്രൊമോഷൻ അനുവദിച്ചിട്ടുള്ള ജീവനക്കാർക്ക് അർഹതാവിധേയമായി മാത്രം കെ.എസ്.ആർ പാർട്ട് 1 ചട്ടം 28 എ പ്രകാരം ശമ്പളം നിർണ്ണയിക്കേണ്ടതും പരാമർശം(1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിലേയ്ക്ക് മാത്രം ശമ്പള കുടിശ്ശിക മാറി നൽകേണ്ടതുമാണ്.ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ജീവനക്കാരുടെ സേവനപുസ്തകത്തിൽ കാര്യാലയ മേധാവി വരുത്തേണ്ടതാണ്.

HARITHA V KUMAR IAS
**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
2) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Signed by
Chithra T
സൂപ്രണ്ട്
Date: 17-07-2025 10:55:03